शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

**805**

## ഒന്നാം പാദവാർഷിക മൂല്യനിർണയം 2015

VIII-STD

## സാമൂഹ്യശാസ്ത്രം

സമയം : 1½ മണിക്കൂർ | ആകെ സ്കോർ: 40

പൊതു നിർദേശങ്ങൾ

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ഈ സമയം ഉപയോഗിക്കേണ്ടതാണ്.
- സമാശ്വാസ സമയത്ത് ഉത്തരങ്ങൾ എഴുതുവാൻ പാടുള്ളതല്ല.
- നിർദ്ദേശങ്ങൾക്കനുസരിച്ച് ഉത്തരമെഴുതുക.

1. പ്രാചീന ശിലായുഗ മനുഷ്യന്റെ ജീവിതത്തെക്കുറിച്ച് ഗുഹകളിൽ നിന്ന് എന്തെല്ലാം വിവരങ്ങളാണ് ലഭിക്കുന്നത്?
സൂചനകളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുക.
ഉദാഹരണം:കലാവൈദഗ്ധ്യം: ആനക്കൊമ്പ്, എല്ല്,കല്ല്,ചിപ്പി എന്നിവ കൊണ്ട് ആഭരണങ്ങൾ നിർമ്മിച്ചു.

- ഉപകരണങ്ങൾ :
- വാസസ്ഥലം :
- തീയുടെ ഉപയോഗം :
- ആഹാരം :
- ഉപജീവനമാർഗ്ഗം : (5)

2. A കോളത്തിന് അനുയോജ്യമായവ B കോളത്തിൽ നിന്നും തെരഞ്ഞെടുത്തെഴുതുക.

| A | B |
|---|---|
| മധ്യശിലായുഗം | ശിലകളും ചെമ്പും |
| നവീന ശിലായുഗം | പരുക്കൻ ശിലായുധങ്ങൾ |
| പ്രാചീന ശിലായുഗം | സൂക്ഷ്മ ശിലായുധങ്ങൾ |
| താമ്ര ശിലായുഗം | മിനുസപ്പെടുത്തിയ ശിലായുധങ്ങൾ |

(2)

3. മധ്യശിലായുഗ മനുഷ്യ ജീവിതത്തിലുണ്ടായ പുരോഗതി വിവരിക്കുക?

അല്ലെങ്കിൽ

ചൈനീസ് സംസ്കാരത്തിന്റെ സവിശേഷതകൾ വിവരിക്കുക. (5)

4. "പാക്കിസ്ഥാന്റെ പടിഞ്ഞാറൻ തീരം മുതൽ കിഴക്ക് ഉത്തർ പ്രദേശിലെ അലംഗീർപൂർ വരെയും വടക്ക് കാശ്മീർ മുതൽ തെക്ക് നർമ്മദാതീരം വരെയും ഹാരപ്പൻ സംസ്കാരം വ്യാപിച്ചിരുന്നു".

- ഏത് കാലയളവാണ് ഈ സംസ്കാരത്തിന്റെ കാലഘട്ടമായി പൊതുവെ കണക്കാക്കുന്നത്?
  (BCE 1500-500, BCE 2700-1700, CE 1700-2000)
- ഹാരപ്പൻ നഗരങ്ങളുടെ സവിശേഷതകൾ എന്തെല്ലാമായിരുന്നു?
- ധാന്യപ്പുരകളെയും കൃഷിയെയും കുറിച്ച് കുറിപ്പ് തയ്യാറാക്കുക. (5)

5. 'രൂപം കൊള്ളുന്ന പ്രക്രിയയുടെ അടിസ്ഥാനത്തിൽ ശിലകളെ 3 ആയി തരം തിരിക്കാം'- അവ ഏതെല്ലാം? (3)

6. പദസൂര്യൻ പൂർത്തിയാക്കുക.




(4)

7. ഇന്ത്യൻ രാഷ്ട്രപതി ആകാൻ വേണ്ട യോഗ്യതകൾ എന്തെല്ലാം?

(3)

8. പുരാതന ശിലായുഗ സവിശേഷതകൾ വിവരിക്കുക

അല്ലെങ്കിൽ

മെസപ്പൊട്ടാമിയയിൽ വികസിച്ച സംസ്കാരങ്ങൾ ഏതൊക്കെ? ഈ സംസ്കാരം കൈവരിച്ച ശാസ്ത്രനേട്ടങ്ങൾ വിവരിക്കുക.

(5)

9. ഇന്ത്യയിലെ നീതിന്യായ വിഭാഗത്തിന്റെ ഘടന എഴുതുക.

(2)

10. 'മണ്ണ് സംരക്ഷണത്തിന്റെ പ്രാധാന്യം ജനങ്ങളിൽ എത്തിക്കുന്നതിനായി ഐക്യരാഷ്ട്ര സംഘടന എല്ലാവർഷവും ഡിസംബർ 5ാം തീയ്യതി ലോകമണ്ണ് ദിനമായി ആചരിക്കുന്നു'. മണ്ണിനെ നമുക്ക് എങ്ങനെയെല്ലാം സംരക്ഷിക്കാം?

(4)

11. ഫ്ളോചാർട്ട് പൂർത്തീകരിക്കുക.

(2)

